അഭിമുഖം

ഹമീദ് വാണിമേൽ

# ജീവിതാവബോധവും മെച്ചപ്പെട്ട തൊഴിലും നൽകുക

***തീരദേശ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളായ തൊഴിൽ പ്രതിസന്ധിയും ദാരിദ്ര്യവും എങ്ങനെ മറികടക്കാം?***

മത്സ്യബന്ധനവും അനുബന്ധജോലികളുമാണല്ലോ തീരദേശത്തെ പ്രധാന ഉപജീവന മാർഗങ്ങൾ.



പല കാരണങ്ങളാലും ഈ തൊഴിൽ മേഖല ഇന്ന് വലിയ പ്രതിസന്ധിയിലാണ്. കുത്തക കമ്പനികളും ഇടനിലക്കാരും മുതലാളിമാരും വൻ ലാഭം കൊയ്യുമ്പോൾ അടിസ്ഥാനവർഗം കൊടിയ ദാരിദ്ര്യത്തിൽ തുടരുകയാണ്. ബഹുമുഖ ചൂഷണങ്ങൾ നടക്കുന്ന തൊഴിൽ മേഖലയാണിത്. ഇന്നത്തെ സാഹചര്യത്തിൽ ഇതെളുപ്പം മറികടക്കാനാകില്ല. മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങളും മറ്റും രൂപീകരിച്ച് അവർ സ്വയമോ സന്നദ്ധ സംഘടനകളോ മുതൽമുടക്കി മത്സ്യബന്ധനം, വിപണനം, സംസ്കരണം തുടങ്ങിയവ അവർ തന്നെ നിർവഹിക്കുമ്പോഴേ ഈ രംഗത്തെ അടിസ്ഥാന വിഭാഗത്തിന് സാമ്പത്തിക വളർച്ച കൈവരിക്കാനാകൂ. ഇത് ഇപ്പോഴത്തെ അവസ്ഥയിൽ ക്ഷിപ്രസാധ്യമല്ല.

മൈക്രോ ഫൈനാൻസിംഗ് സംവിധാനം വഴി ഫണ്ടുകൾ ശേഖരിക്കുകയും മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യണം. അവരുടെ വരുമാനത്തിൽനിന്ന് ഒരുഭാഗവും മറ്റുള്ളവരുടെ സംഭാവനകളും വഴി ഫണ്ട് കണ്ടെത്തണം. തൊഴിൽ പരിശീലനങ്ങൾ നൽകുകയും സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. അതേസമയം സർക്കാർ മേഖലയിൽ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളും ഫണ്ടുകളും ധാരാളമുണ്ട്. അത് കൃത്യമായി അർഹർക്ക് എത്തിക്കുകയും ക്രിയാത്മകമായി വിനിയോഗിക്കുകയും ചെയ്യണം. സന്നദ്ധ സംഘടനകളുടെ സജീവശ്രദ്ധ ഈ രംഗത്ത് പതിയേണ്ടതുണ്ട്. മത്സ്യബന്ധനത്തിനപ്പുറമുള്ള തൊഴിൽ മേഖലകൾ തുറന്നുകിട്ടുകയെന്നതാണ് ഒരു പ്രധാന മാർഗം. സ്ത്രീശാക്തീകരണത്തിലൂടെയും സാമ്പത്തിക വളർച്ച നേടാൻ സാധിക്കും.

***തീരദേശമേഖലയിലെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ എങ്ങനെ പരിഹരിക്കാം?***

അടിസ്ഥാന വിദ്യാഭ്യാസം തന്നെ നേടാൻ സാധിക്കാത്തവരാണ് തീരദേശവാസികളധികവും. ജീവിത സാഹചര്യങ്ങളും വിദ്യാഭ്യാസത്തെക്കുറിച്ച ബോധമില്ലായ്മയുമാണ് കാരണം. സാർവത്രികവും മെച്ചപ്പെട്ടതുമായ പ്രൈമറി-സെക്കണ്ടറി വിദ്യാഭ്യാസത്തിന് സൗകര്യമേർപ്പെടുത്തണം. തീരദേശ മേഖലയിലുള്ള സർക്കാർ സ്കൂളുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. കോഴിക്കോട് വെള്ളയിൽ ഫിഷറീസ് സ്കൂൾ ഉദാഹരണം. വിദ്യാഭ്യാസത്തെക്കുറിച്ച ബോധവും അത്യാവശ്യം പണവുമുള്ള രക്ഷിതാക്കൾ സ്വകാര്യ സ്കൂളുകളിലാണ് കുട്ടികളെ അയക്കുന്നത്. നിലവാരമുള്ള സെക്കണ്ടറി വിദ്യാഭ്യാസത്തിന് സംവിധാനമുണ്ടാക്കുകയും അത് വ്യാപകമാക്കുകയും ചെയ്യണം. നിലവിലുള്ള സർക്കാർ സ്കൂളുകൾ ഗ്രാമ-ജില്ലാ പഞ്ചായത്തുകളെയും പി.ടി.എകളെയും ഉപയോഗിച്ച് ശക്തിപ്പെടുത്തണം. തീരദേശത്ത് പുതിയ സ്കൂളുകൾ ആരംഭിക്കണം. തീരദേശ വിദ്യാർഥികൾ ബുദ്ധിപരമായി പിന്നാക്കമല്ല, പെൺകുട്ടികൾ വിശേഷിച്ചും പഠനത്തിൽ ഏറെ താൽപര്യമുള്ളവരാണ്. നല്ല സെക്കന്ററി വിദ്യാഭ്യാസം ലഭിച്ചാൽ ഹയർ സെക്കന്ററി, ഡിഗ്രി വിദ്യാഭ്യാസ രംഗത്ത് അവർക്ക് സ്വയം തന്നെ മുന്നേറാനാകും.

അതോടൊപ്പം ജീവിതത്തെക്കുറിച്ച അവബോധം പകർന്നുകൊടുക്കാനും സംസ്കാരവും മൂല്യബോധവുമുള്ളവരായി വളർത്താനും ശ്രദ്ധിക്കണം. ദുർവ്യയം ഉപേക്ഷിക്കുക, പലിശയിൽനിന്ന് പൂർണ മുക്തി നേടുക, സാംസ്കാരിക തിന്മകളെ കൈയൊഴിക്കുക തുടങ്ങിയവയിലൊക്കെ ശ്രദ്ധയുള്ളവരാക്കി അവരെ മാറ്റണം. സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിൽ ഇത്തരം വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

***സാമുദായിക സംഘർഷങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളും ചില തീരപ്രദേശങ്ങളിൽ ഇടക്കിടെ ഉണ്ടാകാറുണ്ട്. എന്താണിതിന്റെ കാരണം?***

വൈകാരികതയാണ് തീരദേശ ജനതയുടെ ഒരു പ്രത്യേകത, സമുദായത്തിന്റെയും പാർട്ടികളുടെയും പേരിൽ അവർ പെട്ടെന്ന് പ്രതികരിക്കും. നിഷ്കളങ്കരായതിനാൽ അവരെ ആർക്കും എളുപ്പത്തിൽ ചൂഷണം ചെയ്യാനും കഴിയും. പൊതുവെ മതബോധം കുറവായതിനാൽ സമുദായം എന്ന ഐഡന്റിറ്റി കാത്തുസൂക്ഷിക്കാൻ അവർ ശ്രമിക്കുന്നു. അറിവില്ലായ്മയിൽനിന്നാണ് അന്ധമായ പ്രതികരണങ്ങളും പക്ഷപാതിത്വവും പിന്നെ സമുദായമെന്ന ചിന്തയുമുണ്ടാകുന്നത്. യഥാർഥത്തിൽ തുറന്ന മനസ്സും നന്മയുമുള്ളവരാണവർ. പക്ഷേ, ബാഹ്യശക്തികളുടെ ഉപകരണമായി അവർ മാറുകയാണ്. രാഷ്ട്രീയ സംഘട്ടനങ്ങളിലും നടക്കുന്നത് ഇതുതന്നെയാണ്. സി.പി.എമ്മും മുസ്‌ലിം ലീഗും വോട്ട്ബാങ്ക് രാഷ്ട്രീയം കളിക്കുകയാണ്. തീരദേശത്തേക്ക് കടന്നുകയറാനുള്ള സി.പി.എം തന്ത്രങ്ങളും സ്വാധീനം ഉറപ്പിക്കാനുള്ള ലീഗ് ശ്രമവും ഇതിന് കാരണമാണ്. പക്ഷേ, തീരദേശ വാസികൾ ഇന്നത് തിരിച്ചറിഞ്ഞിട്ടുണ്ട്. ഞങ്ങളെന്തിന് രാഷ്ട്രീയക്കാരുടെയും വർഗീയ ശക്തികളുടെയും ഉപകരണമാകുന്നു എന്നവർ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. മാനവികതയിലൂന്നിയ പ്രവർത്തനങ്ങളിലൂടെ വേണം സാമുദായികതയെ ചെറുക്കാൻ. വിവിധ മതക്കാരായ കുട്ടികളെ ഒന്നിച്ച് വളർത്തുകയും അയൽവാസികൾക്കിടയിലും സഹജോലിക്കാർക്കിടയിലും സൗഹൃദം വളർത്തി എടുക്കുകയും വേണം. അരയസമാജം, മഹല്ല് കമ്മിറ്റികൾ, ചർച്ചുകൾ എന്നിവ യോജിച്ചും സഹകരിച്ചും പ്രവർത്തിക്കണം.

***മുസ്‌ലിം സംഘടനകൾ തീരദേശജനതയുടെ കാര്യത്തിൽ എത്രത്തോളം ശ്രദ്ധിക്കുന്നുണ്ട്?***

ദൗർഭാഗ്യകരമെന്നു പറയട്ടെ, മുസ്‌ലിം സംഘടനകളുടെ ശ്രദ്ധയോ പരിഗണനയോ തീരദേശത്തേക്ക് ഇതുവരെ കടന്നു

ചെന്നിട്ടില്ല. വല്ലപ്പോഴും നൽകുന്ന ഒറ്റപ്പെട്ട റിലീഫ് ഒഴിച്ചാൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. കോഴിക്കോട് കേന്ദ്രീകരിച്ച് ഒട്ടേറെ സാമൂഹിക-മതസംഘടനകളും സകാത്ത് കമ്മിറ്റികളുമൊക്കെയുണ്ട്. ധനികരും ധാരാളമുണ്ട്. അവരുടെയൊക്കെ സകാത്തിൽനിന്ന് ഒരു വിഹിതം കൃത്യമായി ചെലവിട്ടാൽ പത്തുവർഷംകൊണ്ട് തീരദേശത്ത് വലിയ വിപ്ലവം തന്നെ ഉണ്ടാകും. മെസ്സേജിന്റെ നേതൃത്വത്തിൽ കോഴിക്കോട്ടും അതിനെ മാതൃകയാക്കി തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിലും പെരുമാതുറയിലും നടക്കുന്ന പ്രവർത്തനങ്ങളാണ് ഈ രംഗത്തെ എടുത്തു പറയാവുന്ന സംരംഭങ്ങൾ. ഇതിനെ മാതൃകയാക്കി തൊഴിൽ, വിദ്യാഭ്യാസം, വീടു നിർമാണം തുടങ്ങിയ മേഖലകളിൽ സംഘടനകൾ ഓരോ മേഖല തെരഞ്ഞെടുത്ത് വ്യത്യസ്ത പ്രോജക്ടുകളുമായി മുന്നോട്ടു വരണം. ഒപ്പം തീരദേശത്തുള്ള വർഗീയതയെ ചെറുത്തു തോൽപിക്കാനും മതസൗഹാർദം വളർത്താനും മുസ്‌ലിം സംഘടനകൾ മുന്നിട്ടിറങ്ങണം. ■

(മെസ്സേജ് ചാരിറ്റബ്ൾ ട്രസ്റ്റിന്റെ ഡയറക്ടറാണ് ഹമീദ് വാണിമേൽ)

**എസ്. വി**